# പതിമൂന്നാം കേരള നിയമസഭ
## എട്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 1505**

**22.03.2013 - ലെ മറുപടിക്ക്**

### കോക്കനട്ട്, റൈസ് ബയോപാർക്കുകൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീമതി. ജമീലാ പ്രകാശം<br>ശ്രീ. മാത്യു റ്റി. തോമസ്<br>ശ്രീ. ജോസ് തെറ്റയിൽ<br>ശ്രീ. സി.കെ. നാണു | ശ്രീ.കെ.പി. മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| (എ) സർക്കാർ സ്ഥാപിക്കാൻ ഉദ്ദേശിക്കുന്ന കോക്കനട്ട് ബയോപാർക്കും, റൈസ് ബയോപാർക്കും എന്തൊക്കെ പ്രവർത്തനങ്ങളാണ് നടത്താൻ ഉദ്ദേശിക്കുന്നത്; | (എ) നെൽ കർഷകർക്കും നാളികേര കർഷകർക്കും ഉല്പാദന വൈവിധ്യവൽക്കരണത്തിലൂടെ നെല്ല്, നാളികേരം എന്നിവയുടെ മൂല്യവർദ്ധിത ഉല്പന്നങ്ങൾ ഉല്പാദിപ്പിച്ച് നെല്ല്, നാളികേര കർഷകർക്ക് വരുമാന ഭദ്രത ഉറപ്പാക്കുകയാണ് കോക്കനട്ട് ബയോപാർക്കും റൈസ് ബയോപാർക്കും ഉദ്ദേശിക്കുന്നത്. |
| (ബി) അവ സംബന്ധിച്ച വിശദാംശം അറിയിക്കാമോ? | (ബി) അനുബന്ധമായി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

# അനുബന്ധം

നെല്ലിന്റേയും നാളികേരത്തിന്റെയും ഉല്പന്നവൈവിദ്ധ്യവല്ക്കരണത്തിലൂടെ ഇവയുടെ മൂല്യ വർദ്ധിത ഉല്പന്നങ്ങൾ നിർമ്മിക്കുകവഴി നെല്ല്-നാളികേര കർഷകരുടെ വരുമാന ഭദ്രത ഉറപ്പാക്കുക എന്നതാണ് റൈസ്, കോക്കനട്ട് ബയോപാർക്കുകളുടെ ഉദ്ദേശ്യം.

അരിക്കും അരിയുടെ മൂല്യ വർദ്ധിത ഉല്പന്നങ്ങളായ വിവിധയിനം പലഹാരപൊടികൾ, അവൽ, മലര്, ആരോഗ്യപാനീയം, തവിട്, തവിടിന്റെ ഉല്പന്നങ്ങളായ തവിടെണ്ണ, കാലിത്തീറ്റ എന്നിവയും ഉമിയും കൊണ്ടുള്ള കരകൗശല വസ്തുക്കൾ എന്നിവ ഉല്പാദിപ്പിക്കുകവഴി നെൽകൃഷിയിലൂടെ കർഷകർക്ക് വരുമാന ഭദ്രത ഉറപ്പാക്കാൻ പര്യാപ്തമായ പദ്ധതികളാണ് റൈസ് ബയോപാർക്കിൽ ലക്ഷ്യമിടുന്നത്.

അതുപോലെ കോക്കനട്ട് ബയോപാർക്കിൽ നാളികേരത്തിന്റെ മൂല്യവർദ്ധിത ഉല്പന്നങ്ങൾ ഉല്പാദിക്കുകയാണ് ഉദ്ദേശ്യം. വിവിധയിനം ഉല്പന്നങ്ങൾ കൊപ്രയിൽ നിന്നും നാളികേരത്തിന്റെ മറ്റു ഉപോല്പന്നങ്ങളിൽ നിന്നും നിർമ്മിക്കുക വഴി വിപണി വികസനത്തിനും വരുമാന വർദ്ധനവിനും വഴിയൊരുക്കുന്നതിനു പുറമേ പ്രാദേശികമായ അടിസ്ഥാന സൗകര്യങ്ങളും ലഭ്യമാക്കും.

കേരള കാർഷിക സർവ്വകലാശാല, കൃഷി വകുപ്പ്, ധനകാര്യ സ്ഥാപനങ്ങൾ, പൊതു സ്വകാര്യ കമ്പനികൾ, കർഷക സംഘങ്ങൾ എന്നിവയുടെ സഹായത്തോടെയാണ് പദ്ധതി നടപ്പിലാക്കുക. ഇത്തരത്തിൽ അരിയുടെയും നാളികേരത്തിന്റെയും മൂല്യവർദ്ധിത സംരംഭങ്ങൾ വ്യവസായ പാർക്ക് മാതൃകയിൽ ഒരു കുടക്കീഴിൽ കൊണ്ടുവരുന്നതിനുള്ള നൂതന സംരംഭങ്ങളാണ് റൈസ് ബയോപാർക്കും കോക്കനട്ട് ബയോപാർക്കും.

Sreeyme.